**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4719** **13-03-2023 - ൽ മറുപടിയ്ക്ക്**

**ജലാശയങ്ങളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | കേരള ജലസേചനവും ജലസംരക്ഷണവും നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ; ഓരോ വർഷവും പിഴയിനത്തിൽ ലഭിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (എ) | **കേരള ജലസേചനവും ജലസംരക്ഷണവും നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു** |
| (ബി) | ജലാശയങ്ങളുടെ സംരക്ഷണത്തിനായി മേൽപ്പറഞ്ഞ നിയമം ശക്തമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ? | (ബി) | 2003 ലെ കേരള ജലസേചനവും ജലസംരക്ഷണവും നിയമപ്രകാരം ജലസ്രോതസ്സുകളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാനും പിഴ ഈടാക്കാനും കഴിയും. ഇത് കൂടുതൽ ഫലപ്രദമാക്കുന്നതിനും ശിക്ഷ/പിഴ വർദ്ധിപ്പിക്കുന്നതിനുമായി 2018-ൽ നിയമം ഭേദഗതി വരുത്തുകയും [2018 ലെ കേരള ജലസേചനവും ജലസംരക്ഷണവും (ഭേദഗതി)നിയമം] ശിക്ഷ/പിഴ വർദ്ധിപ്പി ക്കുകയും ചെയ്തിട്ടുണ്ട്. ഇതിൻ പ്രകാരം പോലിസ് അധികൃതർക്ക് നൽകുന്ന പരാതിയിൻമേൽ അന്വേഷണം നടത്തി ഫസ്റ്റ്ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ കേസ്സ് ഫയൽ ചെയ്യേണ്ടതാണ്. മൂന്ന് വർഷം വരെ തടവും പരമാവധി രണ്ടു ലക്ഷം രൂപ പിഴയുമാണ് കുറ്റം തെളിഞ്ഞാൽ ലഭിക്കുന്നത്. പ്രസ്തുത നിയമദഭേദഗതിക്കുശേഷം, ഇത്തരമൊരു നിയമം നിലവിലുണ്ടെന്ന് പൊതുജന അവബോധം വളർത്താനാവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയും മാലിന്യ നിക്ഷേപം ശ്രദ്ധയിൽ വരുകയാണെങ്കിൽ പോലീസ് സ്റ്റേഷനിൽ പരാതി നൽകുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. ജലസ്രോതസ്സുകൾ മലിനമാക്കുന്നവർക്കെതിരെ നേരിട്ട് നടപടി എടുക്കുന്നതിനും പിഴ ചുമത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സംസ്ഥാന |

| | | | |
|---|---|---|---|
| | | | മലിനീകരണ നിയന്ത്രണബോർഡ് എന്നിവർക്ക് അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ഡിവിഷൻ ഓഫീസിന്റെ പേര് | വർഷം | ജില്ല | ജലസ്രോതസ്സിന്റെ പേര് | മാലിന്യം നിക്ഷേപിച്ചവർക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകൾ/സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| മൈനർ ഇറിഗേഷൻ ഡിവിഷൻ, ഇടുക്കി | 2019 | ഇടുക്കി | മേലെ ചെമ്മണ്ണാൻ തോട് | തോട്ടിൽ സെപ്റ്റിക് ടാങ്ക് വേസ്റ്റ് നിക്ഷേപിച്ചത് സംബന്ധിച്ച് ഉടുമ്പൻചോല പോലീസ് സ്റ്റേഷനിൽ CR 171/2019 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| MVIP ഡിവിഷൻ നം.3 മൂവാറ്റുപുഴ | 2020 | എറണാകുളം | മാമലശ്ശേരി മൈനർ ഡിസ്ട്രിബ്യൂട്ടറി ch3200m-ന് സമീപമുള്ള കനാൽ | Case No.66/2020-ൽ ശിക്ഷ വിധിക്കുകയും 2700/- രൂപ ഫൈൻ ഈടാക്കുകയും ചെയ്തു. |
| ഇറിഗേഷൻ ഡിവിഷൻ തിരുവനന്തപുരം | 2021 | തിരുവനന്തപുരം | നെയ്യാർ നദി | ശ്രീ.ഫ്രാങ്ക്ളിൻ, അന്ന പിഗ് ഫാം, മാമൂട്ടിൽ, ഇങ്ങന്നൂർ, ഒറ്റശേഖരമംഗലം എന്ന വ്യക്തി തന്റെ പിഗ് ഫാമിലുള്ള ഭക്ഷണ അവശിഷ്ടങ്ങളും പ്ലാസ്റ്റിക് വേസ്റ്റുകളും നെയ്യാറിൽ നിക്ഷേപിക്കുന്നുവെന്ന പരാതി ലഭിച്ചതിനെതുടർന്ന് ടിയാന് 05.11.2021-ൽ നോട്ടീസ് നൽകുകയും അതിനെതുടർന്ന് ടി വ്യക്തി പ്രസ്തുത സ്ഥലം ശുചീകരിച്ച് നിലവിൽ പൂർവ്വ സ്ഥിതിയിൽ ആക്കിയിട്ടുണ്ട്. |
| ഉൾനാടൻ ജലഗതാഗത വിഭാഗം, കൊല്ലം | 2021 | കൊല്ലം | കൊല്ലം തോട് | കൊല്ലം ശിശു സംരക്ഷണ സമിതിയുടെ കെട്ടിടത്തിന്റെ സെപ്റ്റിക് ടാങ്ക് മാലിന്യം കൊല്ലം തോടിലേക്ക് ഒഴുക്കിവിടുന്നതായി ശ്രദ്ധയിൽപെട്ടതിനെ തുടർന്ന് ശിശു സംരക്ഷണ സമിതിയുടെ സൂപ്രണ്ടിനെ ഉൾനാടൻ ജലഗതാഗത ഉപവിഭാഗം, കൊല്ലം കാര്യാലയത്തിൽ 29.10.2021 ന വിളിച്ചു വരുത്തി താക്കീതു നൽകി. |
| ഇറിഗേഷൻ ഡിവിഷൻ തിരുവനന്തപുരം | 2022 | തിരുവനന്തപുരം | ആമയിഴഞ്ചാൻ തോട് | ഇരുട്ടിന്റെ മറവിൽ സാമൂഹികവിരുദ്ധർ വേസ്റ്റ് തോട്ടിൽ തള്ളുന്നതിനാൽ ഇവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനായി ജില്ലാ ഭരണകൂടം തന്നെ പോലീസിനും കോർപ്പറേഷനും ഹെൽത്ത് വിംഗിനും നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| ഇറിഗേഷൻ ഡിവിഷൻ തിരുവനന്തപുരം | 2022 | തിരുവനന്തപുരം | നെയ്യാർ നദി | കള്ളിക്കാട് ഗ്രാമപഞ്ചായത്ത് പഴയകോട്ടപ്പുറത്തിനു സമീപം നെയ്യാറിൽ ശ്രീ. ഗംഗാധരൻ എന്ന വ്യക്തി ബാർബർഷോപ്പിലെ വേസ്റ്റ് നെയ്യാറിൽ ഒഴുക്കിയതായി പഴയ കോട്ടപ്പുറം നിവാസികൾ കളക്ടറേറ്റ് കൺട്രോൾ റൂമിൽ അറിയിച്ചതിനെ തുടർന്ന് നെയ്യാർ ഡാം പോലീസ് സ്റ്റേഷൻ, സ്റ്റേഷൻ ഹൗസ് ഓഫീസർക്ക് (29.07.2022-ൽ) പരാതി നൽകിയിട്ടുണ്ട് |
| ഉൾനാടൻ ജലഗതാഗത വിഭാഗം, കൊല്ലം | 2022 | കൊല്ലം | അഷ്ടമുടികായൽ | പരിസ്ഥിതി സംബന്ധിച്ച സമിതി മുൻപാകെ ലഭിച്ച നിവേദനത്തെ തുടർന്ന് നീണ്ടകര പഞ്ചായത്തിലെ നെറ്റോസ് മറൈൻ എക്സ്പോർട്സ് എന്ന സ്ഥാപനം അഷ്ടമുടി കായലിലേക്ക് മാലിന്യം കലർന്ന വെള്ളം ഒഴുക്കി വിടുന്നത് അടക്കുവാൻ നിർദ്ദേശം നൽകിയത് അവഗണിച്ചതിന്റെ അടിസ്ഥാനത്തിൽ ചവറ പോലീസ് സ്റ്റേഷനിൽ ഉൾനാടൻ ജലഗതാഗത ഉപവിഭാഗം, കൊല്ലം കാര്യാലയത്തിൽ നിന്നും പരാതി നൽകിയിട്ടുണ്ട്. |
| ഉൾനാടൻ ജലഗതാഗത വിഭാഗം, കൊല്ലം | 2022 | കൊല്ലം | ടി എസ് കനാൽ | ശ്രീ.ഹരീഷ് താഴ്ചയിൽ അയണി സൗത്ത് കരുനാഗപ്പള്ളി എന്ന വ്യക്തി ശൗചാലയത്തിൽ നിന്നുള്ള മലിനജല പൈപ്പ് കായലിലേക്ക് സ്ഥാപിച്ചിരിക്കുന്നത് മാറ്റുവാൻ പല പ്രാവശ്യം ആവശ്യപ്പെട്ടിട്ടും മാറ്റാത്ത സാഹചര്യത്തിൽ ടിയാനെതിരെ കരുനാഗപ്പള്ളി പോലീസ് സ്റ്റേഷനിൽ ഉൾനാടൻ ജലഗതാഗത ഉപവിഭാഗം കൊല്ലം കാര്യാലയത്തിൽ നിന്നും പരാതി നൽകിയിട്ടുണ്ട്. |
| ഉൾനാടൻ ജലഗതാഗത വിഭാഗം, കൊല്ലം | 2022 | കൊല്ലം | അഷ്ടമുടികായൽ | ശ്രീ.ശിവപ്രസാദ്.ആർ, ഉദയമംഗലം, വെള്ളിത്തുരുത്ത്, നീണ്ടകര എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള എസ്.എസ്.മറൈൻസ് എന്ന ഫാക്ടറിയിൽ നിന്നുമുള്ള ദ്രവമാലിന്യ പൈപ്പ് കായലിലേക്ക് സ്ഥാപിച്ചിരിക്കുന്നത് മാറ്റുവാൻ പലപ്രാവശ്യം ആവശ്യപ്പെട്ടിട്ടും മാറ്റാത്ത സാഹചര്യത്തിൽ ടിയാനെതിരെ ചവറ പോലീസ് സ്റ്റേഷനിൽ ഉൾനാടൻ ജലഗതാഗത ഉപവിഭാഗം കൊല്ലം കാര്യാലയത്തിൽ നിന്നും പരാതി നൽകിയിട്ടുണ്ട്. |
| ഉൾനാടൻ ജലഗതാഗത വിഭാഗം, കൊല്ലം | 2022 | തിരുവനന്തപുരം | ടി എസ് കനാൽ | ചന്ദ്രൻ, ജെയ്സൺ കോട്ടേജ്, ചിറ്റാറ്റുമുക്ക് എന്ന വ്യക്തിയുടെ പേരിൽ കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ 04.05.2022 ന് 104/DTPN/KZKMPS/2022 നം. പ്രകാരം ഉൾനാടൻ ജലഗതാഗത ഉപവിഭാഗം തിരുവനന്തപുരം കാര്യാലയത്തിൽ നിന്നും പരാതി നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| എം ഐ ഡിവിഷൻ ഇടുക്കി | 2022 | ഇടുക്കി | താന്നിമൂട് ഭാഗത്തെ കുടിവെള്ള ടാങ്കിൽ രാസവസ്തു കലർത്തിയത് സംബന്ധിച്ച് | നെടുങ്കണ്ടം പോലീസ് സ്റ്റേഷനിൽ CR 37/22 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| കെ.ഐ.പി. (ഡിവിഷൻ നം.5) കൊല്ലം | 2022 | കൊല്ലം | കെ.ഐ.പി. | പരവൂർ ഡിസ്ട്രിബ്യൂട്ടറിയുടെ ചെയിനേജ് 7000 മീറ്റർ സമീപത്തെ കെ.ഐ.പി കനാൽ വക വസ്തുവിൽ ആട്ടോ വേയ്സ്റ്റ് നിക്ഷേപിച്ചതിന് ചാത്തന്നൂർ പോലീസ് സ്റ്റേഷനിൽ 381/DPTN/2022/M നമ്പർ പെറ്റീഷൻ ഫയൽ ചെയ്തതിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**